"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - തലസ്ഥാന നഗര വികസന പദ്ധതി - പട്ടം മെഡിക്കൽ കോളേജ് - ഉള്ളൂർ - കൊച്ചുള്ളൂർ റോഡ് വികസനത്തിനിനായി എൽ.എ.സി.340/06 പ്രകാരം ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട് പൊന്നുംവില നിയമം 28എ പ്രകാരമുള്ള തുക കക്ഷിയായ ശ്രീ. ആർ. ശിവാനന്ദന് അനുവദിക്കുന്നതിനുള്ള ഭരണാനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ആർ.ഇ) വകുപ്പ്**

സ.ഉ.(സാധാ) നം.1695/2024/LSGD തീയതി, തിരുവനന്തപുരം, 13-09-2024.

പരാമർശം:-
1. ബഹു. തിരുവനന്തപുരം സബ് കോടതിയുടെ 25/11/2015-ലെ എൽ.എ.ആർ. 119/2013 നമ്പർ കേസിലെ വിധിന്യായം.
2. സ.ഉ.(സാധാ) നം. 32/2019/ധന തീയതി, 18/03/2019
3. തിരുവനന്തപുരം ജില്ലാ കളക്ടറുടെ 02/06/2023-ലെ കെ16-94007/16 നമ്പർ നടപടിക്രമം.
4. തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറിയുടെ 26/06/2023-ലെ എസ്1/909/2021/ട്രിഡ നമ്പർ കത്ത്.

**ഉത്തരവ്**

തലസ്ഥാന നഗര വികസന പദ്ധതിയുടെ ഭാഗമായി പട്ടം -മെഡിക്കൽ കോളേജ് - ഉള്ളൂർ - കൊച്ചുള്ളൂർ റോഡ് വികസനത്തിനായി ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട് പൊന്നുംവില നിയമം സെക്ഷൻ 28(എ) പ്രകാരം കക്ഷിയായ ശ്രീ. ശിവാനന്ദൻ സമർപ്പിച്ച അപേക്ഷയിൽ ജില്ലാ കളക്ടർ പാസ്സാക്കിയ അവാർഡ് തുകയായ 6,94,016/- രൂപ (ആറ് ലക്ഷത്തി തൊണ്ണൂറ്റിനാലായിരത്തി പതിനാറ് രൂപ മാത്രം) കക്ഷിക്ക് അനുവദിക്കണമെന്ന് ട്രിഡ സെക്രട്ടറി പരാമർശം (4) പ്രകാരം സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

2). സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തലസ്ഥാന നഗര വികസന പദ്ധതിയുടെ ഭാഗമായി പട്ടം-മെഡിക്കൽ കോളേജ് - ഉള്ളൂർ - കൊച്ചുള്ളൂർ റോഡിന്റെ വികസനത്തിനായി പട്ടം വില്ലേജിൽ സർവ്വേ നം. 227/4-1, 227/4-2 (എൽ.എ. സർവ്വേ നം. 26/201) എന്നിവയിൽ ഉൾപ്പെട്ട 0.07 ആർ സ്ഥലം ഏറ്റെടുത്തതുമായി ബന്ധപ്പെട്ട് ബഹു. തിരുവനന്തപുരം സബ് കോടതിയുടെ പരാമർശം (1) വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ

തിരുവനന്തപുരം ജില്ലാ കളക്ടർ പാസ്സാക്കിയ അവാർഡ് തുകയായ 6,94,016/- രൂപ (ആറ് ലക്ഷത്തി തൊണ്ണൂറ്റിനാലായിരത്തി പതിനാറ് രൂപ മാത്രം) '4217-60-800-93 (Plan)' എന്ന ശീർഷകത്തിൽ നിന്നും കക്ഷിയായ ശ്രീ. ആർ. ശിവാനന്ദൻ (ജെ.50, ഉദയഗിരി, ജ്യോതി നഗർ, കേശവദാസപുരം, തിരുവനന്തപുരം-04) എന്നായാൾക്ക് നൽകുന്നതിന് ഭരണാനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
JAYAKUMARI P
**ജോയിന്റ് സെക്രട്ടറി**

സെക്രട്ടറി, തിരുവനന്തപുരം വികസന അതോറിറ്റി.
ജില്ലാ കളക്ടർ, തിരുവനന്തപുരം.
ശ്രീ. ആർ. ശിവാനന്ദൻ, ജെ.50, ഉദയഗിരി, ജ്യോതി നഗർ, കേശവദാസപുരം, തിരുവനന്തപുരം-04 (ജില്ലാ കളക്ടർ തിരുവനന്തപുരം മുഖേന).
സ്പെഷ്യൽ ഓഫീസർ, സി.ആർ.ഡി.പി.
ഡെപ്യൂട്ടി കളക്ടർ (എൽ. എ.) തിരുവനന്തപുരം.
ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം.
സബ് ട്രഷറി ഓഫീസർ, കുടപ്പനക്കുന്ന്, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ.
ഐ & പി.ആർ.ഡി (വെബ് & ന്യൂ മീഡിയ)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി (ആർ.ഇ1/201/2024/ത.സ്വ.ഭ.വ.)

ഉത്തരവിൻ പ്രകാരം
Signed by
Biju. B
Date: 13-09-2024 15:14:46
സെക്ഷൻ ഓഫീസർ